**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 450** **23-02-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പ് നടപ്പിലാക്കുന്നതിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ; | (എ) | മെഡിസെപ് പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ വിവരശേഖരണത്തിന്റെ ഭാഗമായുള്ള തെറ്റുതിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ എന്നിവ ഡി.ഡി.ഒ /നോഡൽ ഓഫീസർ/ ട്രഷറി ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി തെരെഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി തയ്യാറാക്കുന്ന ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് അടിയന്തിരമായി സർക്കാറിന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരങ്ങൾ കമ്പനിയ്ക്ക് കൈമാറി പരസ്പര ഉടമ്പടി പ്രകാരം അടിയന്തിരമായി തന്നെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. |
| (ബി) | പദ്ധതി എപ്പോൾ നടപ്പിലാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ; | (ബി) | പദ്ധതിയുടെ നടത്തിപ്പിനായി തെരെഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് സർക്കാറിലേയ്ക്ക് സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ ഗുണഭോക്താക്കളുടെ ശേഖരിച്ച വിവരങ്ങൾ കമ്പനിയ്ക്ക് കൈമാറി പരസ്പര ഉടമ്പടി പ്രകാരം പദ്ധതി അടിയന്തിരമായി തന്നെ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. |
| (സി) | പദ്ധതിയിൽ ഉൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ ആശുപത്രികളുടെ പട്ടിക ലഭ്യമാക്കുമോ? | (സി) | പദ്ധതി നടത്തിപ്പിനായി തെരെഞ്ഞടുക്കപ്പെട്ട Oriental Insurance Company Ltd. ഹോസ്പിറ്റലുകളുടെ അന്തിമ എംപാനൽമെന്റ് ലിസ്റ്റ് സർക്കാറിലേയ്ക്ക് സമർപ്പിക്കുമ്പോൾ മാത്രമേ പദ്ധതിയിൽ ഉൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ ആശുപത്രികളുടെ പട്ടിക ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ